**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5297** **12-08-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ സുലഭമായി ലഭിക്കുന്ന നെല്ല്, കായൽ മത്സ്യം, താറാവ് എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുന്നതിനു നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (എ) | കുട്ടനാട്ടിൽ ലഭ്യമാകുന്ന നെല്ല്, കായൽ മത്സ്യം, താറാവ് എന്നിവയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ വ്യവസായ വകുപ്പിന് കീഴിൽ നിലവിലുള്ള വിവിധ പദ്ധതികൾ ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിക്കാവുന്നതാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി, പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രൊസസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ), നാനോ സംരംഭകർക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി തുടങ്ങിയ സാമ്പത്തിക സഹായ പദ്ധതികൾ ഈ മേഖലയിലുൾപ്പെടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോട് കൂടിയാണ് നടപ്പിലാക്കുന്നത്. കാർഷികോൽപ്പന്നങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ ലക്ഷ്യമാക്കി നെൽ കർഷകരുടെ ഉന്നമനത്തിനും ഈ മേഖലയുടെ മൂല്യ വർദ്ധനയും പരിഗണിച്ച് ആലപ്പുഴ ജില്ലയിൽ റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. നെൽ കർഷകരുടെ ഉന്നമനത്തേയും ഈ മേഖലയുടെ മൂല്യ വർദ്ധനയും ലക്ഷ്യമാക്കി അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്. നെല്ല് സംസ്കരണ യൂണിറ്റ്, നെല്ലിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ ഉൽപ്പാദിക്കുന്നതിനുള്ള സംവിധാനവും ആണ് പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉൽപ്പന്നങ്ങളുടെ സ്വദേശ വിദേശ ആവശ്യങ്ങൾ മനസ്സിലാക്കി ഇവയുടെ ഉത്പാദനത്തിനും സംസ്കരണത്തിനും വിതരണത്തിനും എന്തൊക്കെ പ്രത്യേക വ്യവസായ | (ബി) | ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭം ആരംഭിക്കുന്നതിന് കുട്ടനാട്ടിൽ വിവിധ സാധ്യതകൾ ഉണ്ട്. കുട്ടനാട്ടിൽ ലഭ്യമാകുന്ന നെല്ലിൽ നിന്നും അരി, |

| | | | |
|---|---|---|---|
| | സംരംഭങ്ങൾ ആരംഭിക്കുന്നതിനു നടപടികൾ ഉണ്ടാകും എന്ന് വ്യക്തമാക്കാമോ? | | അരിപ്പൊടി കൂടാതെ പ്രദേശത്ത് ലഭ്യമാകുന്ന മത്സ്യസമ്പത്തിൽ നിന്നും മത്സ്യ അച്ചാറുകൾ, സംസ്കരിച്ച മത്സ്യ ഉൽപ്പന്നങ്ങൾ, കുട്ടനാടൻ താറാവ് ഇറച്ചി എന്നീ ഉൽപ്പന്നങ്ങൾ പ്രാദേശികമായും വിദേശത്തേക്കും കയറ്റുമതി ചെയ്യുന്ന സംരംഭങ്ങൾക്കും സംരഭ സാധ്യതയുണ്ട്. വിനോദ സഞ്ചാര മേഖലയ്ക്ക് വളരെയധികം പ്രാധാന്യമുള്ള കുട്ടനാടിന് സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികൾക്ക് സന്ദർശിക്കാൻ ഉതകുന്ന തരത്തിൽ പ്രാദേശികമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള വിപണന കേന്ദ്രങ്ങൾ ഒരുക്കുക വഴി ഉൽപ്പന്നങ്ങൾ പ്രാദേശികമായി തന്നെ വിറ്റഴിക്കാൻ സാധിക്കുന്നതാണ്. സംരംഭക സഹായ പദ്ധതിയിൽ കാർഷികാധിഷ്ഠിത – ഭക്ഷ്യസംസ്കരണ മേഖലയിലുള്ള സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ സൂക്ഷ്മ സംസ്ക്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രൊസസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു. അസംഘടിതമേഖലയിലുള്ള സൂക്ഷ്മ വ്യക്തിഗത സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരിക വൽക്കരണത്തെ പ്രോത്സാഹിപ്പിക്കു ന്നതിനും, കാർഷിക ഉത്പ്പാദക സംഘടനകൾ (FPOs), സ്വയം സഹായ സംഘങ്ങൾ (SHGs), ഉത്പ്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യ ശൃംഖലകളിൽ ആകമാനം പിന്തുണക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ